# AMCSFNCK – Admission to B.Sc. Nursing Course 2022-23

## (Notification dated 05.11.2022 on ONLINE MOP-UP ALLOTMENT to remaining vacant seats in Member Colleges – FACILITY TO REGISTER FRESH ONLINE OPTIONS)

The remaining vacancies of B.Sc. Nursing course in the Member Colleges of AMCSFNCK after six online allotments will be filled through a MOP-UP ALLOTMENT. The Mop-up Allotment for this academic year 2022-23 is proposed to be conducted in online mode.

Candidates who are included in the AMCSFNCK Rank List (2022) and have not received allotments to any of the AMCSFNCK Member Colleges during the six online allotments held earlier SHALL REGISTER FRESH OPTIONS to indicate their preference of college from 05.11.2022 to 09.11.2022 on the website amcsfnck.com in order to be considered for the Mop-up Allotment and allotments to stray vacancies, if any, that may arise thereafter.

Those candidates who have been already admitted to B.Sc. Nursing course in any of the Member Colleges, either through AMCSFNCK or through LBS allotments earlier shall not be eligible to participate in the option registration for Mop-up allotment.

Since, the probable vacancies that may arise in any of the Member Colleges during these days have to be filled together with the already existing vacancies; the candidates shall give options to all colleges in which they wish to study for the course, if they get an allotment. However, the validity of the options in respect of eligibility for allotment will be determined at the time of the online Mop-up based on Open Merit Rank of the candidate and the availability of vacant seats in any of the Member Colleges, at that point of time.

The Mop-up Allotment to remaining vacancies on the basis of the fresh options registered as per above notification will be published on the AMCSFNCK website on 11.11.2022, 10 am. The candidates allotted in the Mop-up phase shall join the respective college of allotment by submitting original documents and remitting the first year fess on/before 14.11.2022, 3 pm. The First Year B.Sc. Nursing classes for 2022 admission batch will commence on 2022 November 30 in all the Member Colleges.

Stray Vacancies, if any, arising in any of the Member Colleges even after the Mop-up Allotment, will also be filled up on the basis of the options registered for Mop-up Allotment. Those candidates, who wish to be considered against any such stray vacancies that may arise in any of the Member Colleges in future, shall also register their options at this stage of fresh online option registration for Mop-up Allotment.

2022-23 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് പ്രവേശനത്തിനുള്ള ആറ് അലോട്ട്മെന്റുകൾക്കുശേഷവും ആസോസിയേഷനിൽ അംഗങ്ങളായ കോളേജുകളിൽ ഇനിയും ഒഴിവു വരുന്ന സീറ്റുകളിലേക്ക് **മോപ്-അപ്പ് അലോട്ട്മെന്റ് ഓൺലൈനായി** നടത്തുന്നതാണ്.

ഇതിലേക്കായി, അസോസിയേഷൻ പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിൽ (2022) ഉൾപ്പെട്ടവരും, എന്നാൽ മുൻപു നടന്ന ആറ് ഓൺലൈൻ കൗൺസിലിങ്ങുകളിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരുമായ **അപേക്ഷകർ 05.11.2022 മുതൽ 09.11.2022 വരെ ഓൺലൈനായി കോളേജ് ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ അറിയിപ്പ് പ്രകാരം ഓൺലൈനായി കോളേജ് ഓപ്ഷൻ പുതുതായി രജിസ്റ്റർ ചെയ്തവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും** മോപ്-അപ്പ് അലോട്ട്മെന്റും തുടർന്ന് ഈ കോളേജുകളിലുണ്ടായേക്കാവുന്ന ഒഴിവുകളിലേക്കുള്ള അലോട്ട്മെന്റുകളും നടത്തുക.

അസോസിയേഷന്റേയോ L.B.S.-ന്റേയോ മുമ്പ് നടന്ന കൗൺസിലിങ്ങുകളിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇനിയുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

കോളേജുകളിൽ ഇപ്പോഴുള്ള ഒഴിവുകൾ മാത്രമല്ല, ഇനിയുള്ള ദിവസങ്ങളിൽ അസോസിയേഷനിൽ അംഗങ്ങളായ കോളേജുകളിലുണ്ടായേക്കാവുന്ന ഒഴിവുകളും കൂടി മോപ്-അപ്പ് അലോട്ട്മെന്റിൽ ഉൾപ്പെടുത്തുമെന്നതുകൊണ്ട്, തങ്ങൾക്ക് **ചേരാൻ താത്പര്യമുള്ള എല്ലാ കോളേജുകളിലേക്കും ഓപ്ഷൻ നൽകാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.**

**അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ നൽകുക; Higher Option, ഇപ്പോൾ ചേർന്നിരിക്കുന്ന കോളേജിൽ നിന്നും വേറൊരു കോളേജിലേക്കുള്ള മാറ്റം എന്നിവ അനുവദനീയമല്ല എന്നത് ശ്രദ്ധിക്കുമല്ലോ.**

05.11.2022 മുതൽ 09.11.2022 വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിച്ച് ഓപ്പൺ മെറിറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ **11.11.2022, രാവിലെ 10 മണിക്ക് മോപ്-അപ്പ് അലോട്ട്മെന്റ് അസോസിയേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇപ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർ 14.11.2022, വൈകീട്ട് 3 മണിക്ക് മുമ്പ് തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിലെത്തി ഫീസടച്ച്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.** നേഴ്സിങ്ങ് കോളേജുകളിലെ ഈ വർഷത്തെ ബാച്ചിനുള്ള ക്ലാസുകൾ **30.11.2022** തുടങ്ങുമെന്നതിനാൽ എല്ലാവരും സമയക്രമം കർശനമായും പാലിക്കേണ്ടതാണ്.

മോപ്-അപ്പ് അലോട്ട്മെന്റിനുശേഷവും ഒഴിവുകൾ വരുന്ന പക്ഷം അവ സ്ട്രേ വേക്കൻസികളായി പരിഗണിച്ച് മോപ്-അപ്പ് റൗണ്ടിനുവേണ്ടി സമർപ്പിച്ച കോളേജ് ഓപ്ഷനുകളെ അടിസ്ഥാനമാക്കി അപ്പപ്പോൾ നികത്തുന്നതായിരിക്കും. ആയതിനാൽ സ്ട്രേ വേക്കൻസികളിലേക്ക് പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ താത്പര്യമുള്ള കോളേജുകളിലേക്ക് ഈ ഘട്ടത്തിൽതന്നെ നിർബന്ധമായും ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.

05th November 2022 Admission Coordinator